LIBRARY ARCHIVES Kerala Legislative Assembly

കഞ്ചാവ് കൃഷി സർവ്വേയും കൃഷി നശിപ്പിക്കലും

100 [440] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിൽ കഞ്ചാവ് കൃഷി നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള മാർഗ്ഗങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കഞ്ചാവ് പുത്ത് വിളവെടുക്കുന്ന സീസണിൽത്തന്നെ ഉൾവനങ്ങളിൽ തെരച്ചിൽ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇക്കഴിഞ്ഞ കഞ്ചാവ് കൃഷി സീസണിൽ ഈ സംവിധാനത്തിലൂടെ എത്രത്തോളം കഞ്ചാവുകൃഷി നശിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഇ) ശെന്തുരുണി മേഖലയിൽ കഞ്ചാവുകൃഷി വ്യാപകമായി നടക്കുന്നുണ്ടോ യെന്നും എങ്കിൽ ഈ കൃഷി നശിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വനത്തിനുള്ളിൽ ചുറ്റി സഞ്ചരിച്ചോ, രഹസ്യ വിവരങ്ങൾ ശേഖരിച്ചോ, വിവര ദാതാക്കൾ മുഖാന്തിരമോ ആണ് കഞ്ചാവുകൃഷി കണ്ടെത്തുന്നത്. കൂടാതെ ദിവസക്കൂലിയിൽ നിയമിക്കുന്ന വാച്ചർമാരെയും ഇതിനായി നിയോഗിക്കാറുണ്ട്. വനസംരക്ഷണ സമിതികൾ നിലവിലുള്ള സ്ഥലങ്ങളിൽ അവയുടെ സേവനവും ലഭ്യമാക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) മുൻകാലങ്ങളിൽ മഴയെ ആശ്രയിച്ച് കൃഷി ചെയ്തിരുന്നപ്പോൾ കഞ്ചാവ് വിളവെടുപ്പിന് ഒരു പ്രത്യേക സീസൺ ഉണ്ടായിരുന്നു. ഇന്ന് ജലസേചനം നടത്താൻ സജ്ജീകരണങ്ങളും സാങ്കേതിക വിദ്യകളും കഞ്ചാവ് കൃഷിക്കാർക്ക് ക്രമീകരിക്കാൻ സാധിക്കുന്നതിനാൽ കഞ്ചാവ് ചെടികൾ സീസണെ ആശ്രയിക്കാതെതന്നെ വളർത്തി വിളവെടുക്കാവുന്നതാണ്. ഊർജ്ജിതമായി കഞ്ചാവ് കൃഷി ചെയ്യുന്ന ഇടുക്കി, അട്ടപ്പാടി മുതലായ സ്ഥലങ്ങളിൽ അടിക്കടി പ്രത്യേക സംഘങ്ങളെ നിയോഗിച്ച് സീനിയർ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വിശദമായ പരിശോധന നടത്തി കഞ്ചാവു കൃഷി നശിപ്പിക്കുന്നു.

(ഡി) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ നിരവധി റെയിഡുകളിലായി രണ്ടു ലക്ഷത്തോളം കഞ്ചാവ് ചെടികൾ നശിപ്പിച്ചിട്ടുണ്ട്.

(ഇ) ഈ മേഖലയിൽ വ്യാപകമായി കഞ്ചാവുകൃഷി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2001-02 കാലയളവിൽ നാൽപ്പത്തിയഞ്ച് ദിവസം പ്രായം വരുന്ന 1419 കഞ്ചാവുചെടികൾ ഈ മേഖലയിൽ കണ്ടെത്തി നശിപ്പിക്കുകയുണ്ടായി. തുടർന്നുള്ള കാലയളവിൽ കഞ്ചാവ് കൃഷി ഈ മേഖലയിൽ കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കഞ്ചാവ് കൃഷി നശിപ്പിക്കാൻ നടപടി

101 [441] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാന്തരങ്ങളിൽ അടുത്തകാലത്തായി വ്യാപകമാകുന്ന കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കാനും, കഞ്ചാവ് കൃഷി നടത്തുന്നവരെ ശിക്ഷിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വനമേഖലകളിലാണ് ഇതിനായി തെരച്ചിൽ നടത്തിയത്;

(സി) ഇത്തരം തോട്ടങ്ങൾ കണ്ടെത്തി നശിപ്പിക്കാനും, പ്രതികളെ ശിക്ഷിക്കാനും കഴിഞ്ഞിട്ടുണ്ടോ;

(ഡി) സൈലന്റ് വാലി ദേശീയോദ്യാനം, വന്യജീവി സങ്കേതങ്ങൾ തുടങ്ങിയ പ്രദേശങ്ങളിൽപ്പോലും കഞ്ചാവുകൃഷി തുടരുന്നുവെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) കഞ്ചാവുകൃഷി ഫലപ്രദമായി തടയാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(എഫ്) കഞ്ചാവ് മാഫിയ, അനധികൃത വാറ്റ്, വനംകൊള്ള, വനംകൈയേറ്റം എന്നിവ വ്യാപകമാകുന്നുവെന്ന പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, കോട്ടയം, തൃശ്ശൂർ, ഒലവക്കോട്, കണ്ണൂർ, പ്രോജക്ട് ടൈഗർ—കോട്ടയം, വൈൽഡ് ലൈഫ് ഡിവിഷൻ—പാലക്കാട് എന്നീ വനമേഖലകളിലാണ് തിരച്ചിൽ നടത്തിയത്.

(സി) കഞ്ചാവ് തോട്ടങ്ങൾ കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്. കൂടാതെ പിടികൂടാൻ കഴിഞ്ഞ പ്രതികളെ ശിക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.